## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6402 3.4.2018-ൽ മറുപടിയ്ക്ക്

### ചെറുകിട ഇറച്ചിക്കോഴി വളർത്തൽ ഫാമുകൾ നേരിടുന്ന പ്രതിസന്ധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | **അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തെ ചെറുകിട ഇറച്ചിക്കോഴി വളർത്തൽ ഫാമുകൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇറച്ചിക്കോഴിയ്ക്ക് ന്യായവില ലഭിക്കാത്തതും കോഴിക്കുഞ്ഞുങ്ങൾക്കും കോഴിത്തീറ്റയ്ക്കും അമിതവില ഈടാക്കുന്നതും മൂലം ഫാം ഉടമകൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കോഴിത്തീറ്റയുടെയും, കോഴിക്കുഞ്ഞുങ്ങളുടെയും വിലനിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | എ) | ഉണ്ട്. ഈ പ്രശ്നത്തിന് പരിഹാരമായി മൃഗസംരക്ഷണ വകുപ്പ് കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി നടപ്പാക്കുന്നു. കൂടാതെ കെപ്കോയുടെ ആഭിമുഖ്യത്തിൽ കോൺട്രാക്ട് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. കെപ്കോ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ലളിതമായ വ്യവസ്ഥകളിൽ കർഷകർക്ക് വിതരണം ചെയ്ത് വളർത്തിയെടുത്ത് കെപ്കോ തന്നെ തിരിച്ചു വാങ്ങി സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചി തയ്യാറാക്കുന്നതാണ് കോൺട്രാക്ട് ഫാമിങ് പദ്ധതി. |
| ബി) | ചെറുകിട ഫാമുകളിൽ നിന്നും പാകമെത്തിയ ഇറച്ചിക്കോഴികളെ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് കെപ്കോ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | ബി) | ചെറുകിട ഫാമുകളിൽ നിന്ന് ശേഖരിക്കുന്നതും കെപ്കോ ഉല്പാദിപ്പിക്കുന്നതുമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്ത് അവരിലൂടെ വളർത്തിയെടുത്ത് കെപ്കോയുടെ പ്രോസസിംഗ് പ്ലാന്റിന്റെ വെറ്ററിനറി സർജൻമാരുടെ മേൽനോട്ടത്തിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചി തയ്യാറാക്കുന്നു. കേരളാ ചിക്കൻ എന്ന പേരിൽ അറിയപ്പെടുന്ന ഈ കോഴിയിറച്ചി തികച്ചും സുരക്ഷിതവും, ശുദ്ധവും ഭക്ഷ്യ സുരക്ഷ നിയമങ്ങൾ കർക്കശമായി പാലിച്ചു കൊ ണ്ടുള്ളതുമാ ണ്. സംസ്ഥാനമൊട്ടാകെ 5000 യുണിറ്റുകൾക്കാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 23 യൂണിറ്റുകൾ ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | കെപ്കോ നടപ്പാക്കുന്ന മറ്റൊരു പദ്ധതിയാണ് കോൺട്രാക്ട് ഫാമിംഗ്. കെപ്കോ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ലളിതമായ വ്യവസ്ഥകളിൽ കർഷകർക്ക് വിതരണം ചെയ്ത് വളർത്തിയെടുത്ത് കെപ്കോ തന്നെ തിരിച്ച് വാങ്ങി സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചി തയ്യാറാക്കുന്നതാണ് ഈ പദ്ധതി.<br><br>കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി പുതിയ പ്രോസസിംഗ് പ്ലാന്റ്, ഹാച്ചറികൾ, കൊല്ലം കോഴിക്കോട് ജില്ലകളിൽ പുതിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ, നിലവിലുള്ള ഹാച്ചറികളുടെയും ഫാമുകളുടേയും നവീകരണം എന്നിവയ്ക്കും കെപ്കോ തുടക്കമിട്ടി ട്ടുണ്ട്. |
| സി) | പ്രസ്തുത മേഖലയിലെ കുത്തകസ്ഥാപനങ്ങൾ കോഴിക്കുഞ്ഞുങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും വില നിശ്ചയിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | പ്രസ്തുത മേഖയിലെ കുത്തക സ്ഥാപനങ്ങൾ കോഴിക്കുഞ്ഞുങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും വില നിശ്ചയിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി നടപ്പാക്കുന്നു. കൂടാതെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ഉത്പാദനം ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മലപ്പുറം ജില്ലയിലെ ആതവനാട് കോഴിവളർത്തൽ കേന്ദ്രത്തിൽ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ